**30**

ജനുവരി 2023

തിങ്കൾ

1198 മകരം 16

# ചെരാതം

– ഇത് പുതിയങ്കത്തിന്റെ ശബ്ദം

ആലത്തൂർ

3 പേജ്


## ഇന്ത്യൻ ഭരണഘടന ലൈബ്രറിയിലേക്ക് സ്കൂൾ ഭരണഘടന ജനങ്ങളിലേക്ക്



എഴുപത്തിനാലാം റിപ്പബ്ലിക് ദിനാഘോഷത്തിൽ ഹെഡ്മാസ്റ്റർ മനോജ് സർ പതാക ഉയർത്തുന്നു.

**ചക് ദേ ഇന്ത്യ:**

പുതിയങ്കം എഴുപത്തിനാലാം റിപ്പബ്ലിക് ദിനാഘോഷത്തിൽ ഹെഡ്മാസ്റ്റർ മനോജ് സർ പതാക ഉയർത്തി.കുട്ടികളുടെ കലാപരിപാടികളും മധുരവിതരണവും നടന്നു.പരിപാടികളുടെ ഭാഗമായികുട്ടികൾക്ക് നല്കിയ ഭരണഘടന കൈപ്പുസ്തകത്തെ ആസ്പദമാക്കിയുള്ള ക്ലാസ് തലക്വിസ് മത്സരം 24/1/2023 ചൊവ്വാഴ്ച ഉച്ചക്ക് 1.30 ന് എല്ലാ ക്ലാസുകളിലും നടന്നു.ഓരോ ക്ലാസിൽ നിന്നും മികച്ച നിലവാരം പുലർത്തിയ കുട്ടികൾ റിപ്പബ്ലിക് ദിനത്തിൽ നടക്കുന്ന ഫൈനൽ മത്സരത്തിലേക്ക് തെരെഞ്ഞെടുക്കപ്പെട്ടു.അവർ രക്ഷിതാവിനോടൊപ്പം പങ്കെടുക്കുകയും ചെയ്തു.

### ഇന്ത്യൻ ഭരണഘടന ലൈബ്രറിയിലേക്ക്

റിപ്പബ്ലിക് ദിനത്തിൽ ഇന്ത്യൻ ഭരണഘടനയുടെ കോപ്പി സിനി ടീച്ചർ സ്കൂൾ ലൈബ്രറിയിലേക്ക് സംഭാവന ചെയ്തു. ഈ ചടങ്ങിൽ PTA പ്രസിഡൻറ് ശ്രീ.വി. ആർ രമേശ് സ്കൂൾ ലീഡർ അഖിലക്ക് കോപ്പി കൈമാറി. ഭരണഘടനയുടെ ഉള്ളടക്കത്തെ കുറിച്ച് കുട്ടികൾക്ക് കൂടുതൽ മനസ്സിലാക്കാനുള്ള ഒരു അവസരമാണ് ഇതിലൂടെ ലഭ്യമായത്.



PTA പ്രസിഡൻറ് ശ്രീ.വി. ആർ രമേശ് സ്കൂൾ ലീഡർ അഖിലക്ക് ഇന്ത്യൻ ഭരണഘടനയുടെ കോപ്പി കൈമാറുന്നു.

## ഭരണഘടന ക്വിസ് വിജയികൾ

റിപ്പബ്ലിക് ദിനത്തിൽ നടന്ന സ്കൂൾതല ഭരണഘടനക്വിസ്സിൽ (രക്ഷിതാവിനൊപ്പം) യു.പി വിഭാഗത്തിൽ 5C യിലെ അസ് ലി.എം ഒന്നാം സ്ഥാനവും 5B യിലെ നന്ദിത.ആർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.മൂന്ന്, നാല് ക്ലാസ്സുകളിൽ അനാമിക.എസ്(3B)ഒന്നാം സ്ഥാനവും അഭയ.ബി(4A) രണ്ടാം സ്ഥാനവും ലഭിച്ചു. ഒന്ന്, രണ്ട് ക്ലാസ്സുകളിൽ കാർത്തിക് ദേവ്(1A) ഒന്നാം സ്ഥാനവും,മിന ഫാത്തിമ (1B)രണ്ടാം സ്ഥാനവും നേടി.



## ഒരുമ സഹവാസ ക്യാമ്പ്




പുതിയങ്കം ഗവൺമെൻറ് യു.പി സ്കൂളിൽ സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീമിലെ അംഗങ്ങൾ

**ആലത്തൂർ:** പുതിയങ്കം ഗവൺമെൻറ് യു.പി സ്കൂളിൽ സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ രണ്ടുദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചു. ജനവരി 27 കാലത്ത് 10 മണിക്ക് ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. രജനിബാബു ക്യാമ്പ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. PTA പ്രസിഡൻറ് ശ്രീ. വി.ആർ രമേശ് അധ്യക്ഷൻ ആയിരുന്നു. സോഷ്യൽ സ്കീം കൺവീനർ സുധീർഷ സർ സ്വാഗതം പറഞ്ഞു.ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ മനോജ് സർ , ആലീസ് ടീച്ചർ, സുരേഷ് ബാബു സർ, സിനി ടീച്ചർ എന്നിവർ ആശംസകൾ അറിയിച്ചു. സോഷ്യൽ സർവ്വീസ് സ്കീം ജോയിൻ കൺവീനർ സജിത ടീച്ചർ നന്ദി രേഖപ്പെടുത്തി . ആർ. കൃഷ്ണൻ സ്മാരക സന്ദർശനം, കണ്യാർകളി, കായിക പരിശീലന ക്ലാസ്, ക്യാമ്പ് ഫയർ തുടങ്ങിയ വിപുലമായ പരിപാടികൾ ക്യാമ്പിൽ ഒരുക്കിയിരുന്നു. പ്രമുഖനാടകാചാര്യൻ ചേരാമംഗലം ചാമുണ്ണി അവർകളുടെ നേതൃത്വത്തിൽ നടന്ന നാടക കളരി പരിശീലനത്തോടുകൂടി ക്യാമ്പ് സമാപിച്ചു.

## പ്രതിമാസപരീക്ഷണവേദി



പ്രതിമാസപരീക്ഷണവേദിയിൽ 4B ക്ലാസിലെ ടീച്ചറും കുട്ടികളും

പുതിയങ്കം ശാസ്ത്രക്ലബ്ബിന്റെ എല്ലാമാസവും നടന്നുവരാറുള്ള പ്രതിമാസപരീക്ഷണവേദി 24/01/2023 ചൊവ്വാഴ്ച എല്ലാ ക്ലാസുകളിലും ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ നടന്നു.

## പഠനയാത്ര ...........ഉല്ലാസയാത്ര..........

ആറാം ക്ലാസുകാരുടെ പഠനയാത്ര തുമ്പൂർ ഡാം, ആതിരപ്പിള്ളി വാഴച്ചാൽ വെള്ളച്ചാട്ടം എന്നിവിടങ്ങളിലേക്കായിരുന്നു.44 കുട്ടികളും 8 അധ്യാപകരും മൂന്ന് രക്ഷിതാക്കളും അടങ്ങുന്ന സംഘമാണ് പഠനയാത്ര ഉല്ലാസകരമാക്കിയത്.



## കുട്ടിക്കൂട്ടം ടീച്ചറുടെ വീട്ടിൽ




വടക്കഞ്ചേരി 7A ക്ലാസിലെ രക്ഷിതാക്കളുടെ ക്ലാസ് PTA യോഗം 29/01/2023 ഞായറാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് ക്ലാസ് ടീച്ചർ ആയ സിനി ടീച്ചറുടെ വീട്ടിൽ വടക്കഞ്ചേരിയിൽ ചേർന്നു. മറ്റു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ അധ്യാപകരും യോഗത്തിൽ പങ്കാളികളായി . സിനി ടീച്ചറുടെ നേതൃത്വത്തിലൂടേയും രക്ഷിതാക്കളുടെ സജീവപങ്കാളിത്തത്തോടെയും യോഗം വിജയകരമായി പൂർത്തിയായി. രക്ഷിതാക്കളും അധ്യാപകരും കുട്ടികളും തമ്മിലുള്ള ആത്മബന്ധം ഊട്ടിയുറപ്പിക്കാൻ ഇത്തരം മാതൃകകൾ അനിവാര്യമാണ്.

# GUPS PUTHIYANKAM



കൂടിച്ചേരലുകൾ ആനന്ദദായകമാണ്

നിങ്ങളുടെ സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിച്ച ഈ വിദ്യാലയം 100 ന്റെ നിറവിൽ .......

ഈ നെല്ലിമരച്ചോട്ടിൽ വീണ്ടും നമുക്ക് ഒന്നിക്കാം.

കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുക്കുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക 9745558820

9961686869, 9846622627, 9809607076